## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4003 25.06.2018-ൽ മറുപടിക്ക്

### ആദിവാസി വിഭാഗങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനായി സ്വീകരിച്ച നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>,, ഷാഫി പറമ്പിൽ<br>,, വി.ടി.ബൽറാം<br>,, അനൂപ് ജേക്കബ് : | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | ഈ സർക്കാർ ആദിവാസി വിഭാഗങ്ങളുടെയും പ്രാക്തന ഗോത്ര വർഗ്ഗങ്ങളുടെയും ആരോഗ്യ സംരക്ഷണത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | എ) | • സംസ്ഥാനത്ത് ആദിവാസി, പ്രത്യേക ദുർബല ഗോത്രവർഗ്ഗങ്ങൾ ഉൾപ്പെടെയുള്ള പട്ടികവർഗ്ഗക്കാർക്ക് ചികിത്സയും ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട മറ്റ് സഹകരണ ആശുപത്രികളിലും പൂർണ്ണമായും സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നു. ഐ.ടി.ഡി. പ്രൊജക്ട് ഓഫീസർമാർ/പട്ടികവർഗ്ഗ വികസന ഓഫീസർമാർ മുഖേനയും വകുപ്പ് അദ്ധ്യക്ഷൻ മുഖേനയും ചികിത്സാ ധനസഹായം നൽകുന്നു. കൂടാതെ ബഹു. വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വിവിധ രോഗങ്ങൾക്ക് ധനസഹായം അനുവദിച്ച് വരുന്നു.<br><br>• പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 5 അലോപ്പതി ഒ.പി. ക്ലിനിക്കുകളും ആറളത്ത് ഒരു ആയുർവ്വേദ ആശുപത്രിയും സംസ്ഥാനത്താകെ 17 ആയുർവ്വേദ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നു. ഇടുക്കി, തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് എന്നിവിടങ്ങളിലായി ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. കൂടാതെ വകുപ്പിന് കീഴിൽ HLL (Hindustan Lifecare Limited) മുഖേന KMSCL (Kerala Medical Services Corporation Limited) മുഖേന വിവിധ ജില്ലകളിലായി 14 ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളും പ്രവർത്തിക്കുന്നു.<br><br>• അട്ടപ്പാടി മേഖലയിൽ പോഷകാഹാരക്കുറവു മൂലമുള്ള അസുഖങ്ങളുടെ ചികിത്സക്കായി 3 NRC (Nutrition Rehabilitation Centre) കൾ പ്രവർത്തിക്കുന്നു.<br><br>• സിക്കിൾസെൽ അനീമിയ രോഗികൾക്ക് മരുന്ന്, മറ്റ് ജീവനോപാധികൾ എന്നിവ വാങ്ങുന്നതിലേക്കായി പ്രതിമാസം 2,500/- രൂപ വീതം സമാശ്വാസ ധനസഹായം നൽകുന്ന |

| | | | |
|---|---|---|---|
| | | | പദ്ധതിയും ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി പ്രതിമാസം 1,000/- രൂപ വീതം 18 മാസത്തേക്ക് നൽകുന്ന ജനനി-ജന്മരക്ഷാ പദ്ധതിയും പട്ടിക വർഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്നു.<br>• പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ വർഷകാലത്തും പഞ്ഞമാസങ്ങളിലും ഭക്ഷ്യ സഹായ പദ്ധതി, അട്ടപ്പാടി മേഖലയിൽ പാകം ചെയ്ത ഭക്ഷണം നൽകുന്ന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു.<br>• സാമൂഹ്യ നീതി വകുപ്പിൻ കീഴിൽ അംഗൻവാടികൾ മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേക പോഷകാഹാരം നൽകി വരുന്നു. പ്രീ-സ്കൂൾ കുട്ടികൾക്ക് പാൽ, മുട്ട എന്നിവയും വിതരണം ചെയ്യുന്നു. കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കായി സബല കിറ്റുകൾ വിതരണം നടത്തുന്നു. പോഷകാഹാര അപര്യാപ്തതയുള്ളവരെ കണ്ടെത്തി സപ്ലിമെന്ററി ന്യൂട്രീഷ്യൻ പ്രോഗ്രാം നടപ്പിലാക്കി വരുന്നു. കുട്ടികൾക്കായി അമൃതം ന്യൂട്രിമിക്സ് വിതരണം നടത്തുന്നു. ആരോഗ്യ വകുപ്പ് മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും അയൺ ഫോളിക് ആസിഡ് ഗുളികകൾ വിതരണം നടത്തുകയും ചെയ്യുന്നു.<br>• അട്ടപ്പാടിയിലെ പരമ്പരാഗത കൃഷിരീതികളെ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പുമായി സഹകരിച്ച് **"മില്ലറ്റ് വില്ലേജ്"** എന്ന പദ്ധതി നടപ്പിലാക്കുന്നു. |
| ബി) | ഈ വിഭാഗക്കാരുടെ ഉന്നമനത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ടും ആദിവാസി വിഭാഗങ്ങളിൽ ഗുരുതരമായ രോഗങ്ങൾ പടരുന്നതായും ശിശുമരണം ഉണ്ടാകുന്നതായുമുള്ള റിപ്പോർട്ടുകൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) യും സി) യും | • അമ്മമാരുടെ പോഷകാഹാരക്കുറവുമൂലം തൂക്കക്കുറവോടുകൂടി ജനിക്കുന്ന കുഞ്ഞുങ്ങളാണ് പ്രധാനമായും മരണപ്പെട്ടിരുന്നത്. ഇത്തരം കുഞ്ഞുങ്ങൾക്ക് ജന്മനാലോ പിന്നീടോ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളുണ്ടായിരുന്നതായി ആരോഗ്യ വകുപ്പ് മരണം സംബന്ധിച്ച റിപ്പോർട്ടുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. വീടുകളിൽ നടന്നിരുന്ന പ്രസവം, കുടുംബത്തിൽ നിന്നും പ്രസവപരിചരണം ലഭിക്കാതിരുന്നത്, ചികിത്സാ വൈമുഖ്യം, വാഹന സൗകര്യത്തിന്റെ അഭാവം, മുലയൂട്ടുമ്പോൾ അനുഭവപ്പെട്ട ശ്വാസതടസ്സം തുടങ്ങിയവയായിരുന്നു പ്രധാന കാരണങ്ങൾ. സർക്കാർ വകുപ്പുകളുടെ നിരന്തര ഇടപെടൽ നിമിത്തം ഇത്തരം കാരണങ്ങൾക്ക് പരിഹാരം കണ്ടെത്തി മരണനിരക്ക് കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്.<br>• ആദിവാസി ശിശുമരണങ്ങൾ ഒഴിവാക്കുന്നതിനും സമഗ്ര ആരോഗ്യ സംരക്ഷണത്തിനുമായി |
| സി) | എങ്കിൽ ഇതിനുള്ള കാരണം എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ; പ്രസ്തുത വിഭാഗങ്ങളുടെ ആരോഗ്യ സംരക്ഷണത്തിന് കാര്യക്ഷമമായ നടപടികൾ കൈക്കൊള്ളുമോ? | | |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും സാമൂഹ്യനീതി, ആരോഗ്യം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകൾ മുഖേനയും സർക്കാരിന്റെ മറ്റ് ഏജൻസികൾ മുഖേനയുമാണ് പ്രധാനമായും പദ്ധതികൾ നടപ്പിലാക്കി വരുന്നത്. പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.<br>• അട്ടപ്പാടിയിൽ പാചകം ചെയ്ത ഭക്ഷണം നൽകുന്ന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി.<br>• വനിതാ ശിശുവികസന വകുപ്പിനു കീഴിൽ കുട്ടികൾക്കും കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കും പോഷകാഹാര വിതരണം.<br>• പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മില്ലെറ്റ് വില്ലേജ് പദ്ധതി.<br>• സൗജന്യ ചികിത്സ ഉറപ്പു വരുത്തുന്നതിന് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി.<br>• അലോപ്പതി ഒ.പി. ക്ലിനിക്കുകൾ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ന്യൂട്രീഷ്യൻ റിഹാബിലിറ്റേഷൻ സെന്ററുകൾ.<br>• ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിന് ജനനി ജന്മരക്ഷാ പദ്ധതി.<br>• സിക്കിൾസെൽ അനീമിയ രോഗികൾക്ക് സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതി.<br>• വർഷകാലത്തും പഞ്ഞമാസങ്ങളിലും ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി.<br>• അട്ടപ്പാടിയിലെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഉണ്ട്. കൂടാതെ 24 മണിക്കൂർ കാഷ്വാലിറ്റി - ലാബ്, മരുന്ന് വിതരണ സംവിധാനങ്ങളും ഐ.സി.യു സംവിധാനവും ഉണ്ട്. സ്കാനിംഗിനുള്ള സൗകര്യങ്ങൾ, ഓപ്പറേഷൻ തിയേറ്റർ, രക്തബാങ്ക് എന്നിവയും സ്പെഷ്യൽ ഒ.പി. ചികിത്സയും ഉണ്ട്.<br>പ്രതിമാസ കുത്തിവെയ്പ്പ് നൽകൽ, നവജാത ശിശു സംരക്ഷണ സൗകര്യം, പാലിയേറ്റീവ് കെയർ യൂണിറ്റ്, ഡയാലിസിസ് യൂണിറ്റ്, സിക്കിൾസെൽ അനീമിയ ക്ലിനിക്, കൗൺസിലിംഗ്, മാനസിക രോഗ, ക്ഷയരോഗ – അരിവാൾ രോഗ പുനരധിവാസ പദ്ധതികൾ എന്നിവയും മാരകരോഗങ്ങളുടെ സ്ക്രീനിംഗ് ടെസ്റ്റും ഈ ആശുപത്രിയിൽ നടത്തിവരുന്നു. |

**സെക്ഷൻ ഓഫീസർ**